ബി1/ഇ-19985/റ്റിസി/2017 **ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം**
**ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം**
**തീയതി: 18-01-2017**

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

പാലാ

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ നികുതി സ്വീകരിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുന്നത്-സംബന്ധിച്ച്

സൂചന: താങ്കളുടെ 01-01-2017 തീയതിയിലെ കത്ത്

സൂചനപ്രകാരം ആവശ്യപ്പെട്ട വിഷയത്തിലുള്ള സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു.

30-06-2016ൽ 5 വർഷമോ, അതിൽ കൂടുതലോ കാലം നികുതി കുടിശ്ശിക ഉണ്ടായിരുന്ന കേസുകളിൽ റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്ത് കഴിഞ്ഞിട്ടുണ്ടെങ്കിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരം കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നികുതി സ്വീകരിച്ച ശേഷം, റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കാൻ റവന്യൂ അധികാരികൾക്ക് കത്ത് നൽകുമ്പോൾ, പ്രോസസ്സിംഗ് ചാർജ്ജ് ഇനത്തിൽ റവന്യൂ ഡിപ്പാർട്ട്മെന്റിന് കിട്ടേണ്ട തുക വാഹന ഉടമയിൽ നിന്നും ഈടാക്കിയതിന് ശേഷം മാത്രം ഇദ്ദേഹത്തിനെതിരെയുള്ള റവന്യൂ നടപടികൾ പിൻവലിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.

റവന്യൂ റിക്കവറി വഴി നികുതി അടച്ച് കഴിഞ്ഞ കേസുകളിൽ സർക്കുലർ 30/2016ലെ ഐറ്റം 2ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നികുതി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ഒപ്പ്

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ

(ടാക്സേഷൻ)

ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

പകർപ്പ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും അറിവിലേക്കായി നൽകുന്നു.

അംഗീകാരത്തോടെ

20/1/2017

സീനിയർ സൂപ്രണ്ട്

20/1/17